# SPLASH YOUR COLOUR



Full Name : ____________________________________________

House Name : __________________________________________

Father's Name : ________________________________________

Phone No. _____________________________________________

Class ________________ Unit ________________

*This competition is only for students from Class 1 to 5*



Edited printed and published by Parish bulleting Little Flower Forane Church
Nerul, Printed by ; Vin Art Printers # 9930 837 433

**VIVA Teresa....** *A Way to Sanctity*

**Little Flower Forane Church, Nerul**
(Diocese of Kalyan)
Sector 20, Nerul (W), Navi Mumbai 400706
Tel.: 2772 2628
E-mail : vivateresabulletin@gmail.com
Website : www.littleflowerchurchnerul.org

Bi-monthly News Bulletin of Syro-Malabar Catholic Church, Nerul, Kalyan Diocese

**Patron**
Mar Thomas Elavanal

**Managing Editor**
Fr. Biju Kollamkunnel

**Executive Editor**
Fr. Sinto Enanickal

**Editor-in-Charge**
Sr. Mollykutty Edackadu

**Chief Editor**
Mrs. Sheena George

**Editorial Board**
Mr. P. J. Antony
Mr. C. J. Nelson
Mrs. Bea Thomas
Mr. E. P. Devassy
Mr. Sanju Thomas

## ഉള്ളടക്കം

എഡിറ്റോറിയൽ
ഇടയശബ്ദം
Letter to my Little Friends...
Parish News ...
കാരുണ്യ ജൂബിലി ...
തണൽ ...
പുരോഹിതൻ, കാരുണ്യത്തിന്റെ
വേലക്കാരൻ ...
ഇരിപ്പിടങ്ങൾ ...
St. Elizabeth Ann Seton ...
Sanctify your secret life ...
Christmas joy is Antidote
to Skepticism ...
ആത്മനാഥൻ ...
ഓർമ്മിക്കാൻ ആചരിക്കാൻ ...
Disability shouldn't be a denial
of opportunity ...
Parents, bring Christ into
the lives of children ...
കേരളം ദൈവത്തിന്റെ സ്വന്തം നാട് ...
സഹനം ...
How silence and
I became best friends ...
The name of God is Mercy ...
Health Corner ...
Bible Quiz ...
Splash your colour ...

Private Circulation only.

**January - February 2016**

# Editorial

*On December 8, Pope Francis opened the holy doors of St Peter's Basilica in Vatican before 50,000 people, performing a ritual that has been part of the Catholic Church since the 1500s. Pope Francis' predecessor, Pope Emeritus Benedict 16th, followed him through the holy doors of St Peter's Basilica. Holy doors are only opened during a special year designated by a pope called a Jubilee Year. This time it's the extraordinary Jubilee year of Mercy. The last Jubilee Year was in 2000.*

*The special holy year the Pope has called for the Catholic Church from December 8 through November 20, 2016 is to focus on the boundless nature of God's mercy. It's a special year celebrated by the church to receive blessing and pardon from God and remission of sins. Vatican says Catholics around the world should use the ongoing Jubilee year of mercy to "open wide" the doors of their hearts to forgive others and to work against social exclusion, even of those who may have caused them bother or upset. The year should lead to true conversion of our heart. Undoubtedly, the holy year won't be very effective if the doors of our heart do not let Christ enter, who pushes us to go towards others. The door is Jesus, and Jesus is free.*

*Pope Francis also asked people to consider going to confession during the holy year. God forgives all. God understands us, even in our limits, and understands us even in our contradictions. With his love he tells us that when we recognize our sins he is yet closer to us and spurs us to look ahead. "When we recognize our sins and we ask forgiveness there is a party in Heaven. Jesus throws a party. This is His mercy: Do not be discouraged," he said.*

*Jesus wants us to recognize that His mercy is greater than our sins, so that we will call upon Him with trust, receive His mercy, and let it flow through us to others. Thus, all will come to share His joy. This message and devotion to Jesus as the Divine Mercy is based on the writings of St. Faustina Kowalska, an uneducated Polish nun who, in obedience to her spiritual director, wrote a diary of about 600 pages recording the revelations she received about God's mercy. Even before her death in 1938, the devotion to The Divine Mercy had begun to spread. She wrote the words of the Saviour: "Speak to the world about My mercy; let all mankind recognize My unfathomable mercy. It is a sign for the end times; after it will come the day of justice. While there is still time, let them have recourse to the fount of My mercy; let them profit from the Blood and Water which gushed forth for them."*

*As we enter this holy year, let us keep our soul and mind set for receiving this unfathomable mystery of God's mercy and enter into the newness of spirit.*

*Glory to our Lord Jesus Christ !*

**- Chief Editor**





# ഇടയശബ്ദം



ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

എല്ലാവർക്കും പുതുവർഷത്തിന്റെ എല്ലാവിധ ഐശ്വര്യവും നന്മകളും നേരുന്നു.

ചെയ്യുന്ന ഓരോ പ്രവൃത്തിയുടെയും പറയുന്ന ഓരോ വാക്കിന്റെയും പിന്നിൽ ന്യായീകരിക്കാവുന്ന നന്മയുടെ ഒരു കാരണമുണ്ടാവണമെന്ന് വാശി പിടിച്ചവരായിരുന്ന നമ്മുടെ പൂർവ്വികന്മാർ. കുടുംബത്തിൽ എന്തെങ്കിലും ചെയ്യുന്നതിനു മുമ്പെ അനുവാദം ചോദിക്കുമ്പോൾ ''എന്തിന് '' എന്ന ഒരു ചോദ്യം എപ്പോഴും പ്രതീക്ഷിക്കാമായിരുന്നു ഉത്തരവാദിത്വപ്പെട്ടവരിൽ നിന്ന്. നന്മയുണ്ടാവുമെന്നും, നന്മയ്ക്കായിട്ടാണിതെന്നും ഉറപ്പുവരുത്തുവാനായിരുന്നു അത്തരം മറുചോദ്യങ്ങൾ. ഇപ്രകാരം എല്ലാറ്റിനും കാരണം അന്വേഷിച്ചുകൊണ്ടിരിക്കുന്നതു കൊണ്ടാകുമോ, വീട്ടിലെ മുതിർന്നവരെ ''കാരണവന്മാർ'' എന്ന് വിളിച്ചിരുന്നത് എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.

ഈ പ്രക്രിയയുടെ പിന്നിൽ ഒത്തിരി നന്മയുണ്ടായിരുന്നു. നല്ലതേ നടക്കാവൂ, സ്വാർത്ഥതയും തന്നിഷ്ടവും നടക്കരുത് തുടങ്ങിയ നല്ല ചിന്തകൾ. ഇന്ന് നമ്മൾ ചെയ്യുന്നതും, പറയുന്നതുമായ പലതിന്റെയും പിന്നിൽ നന്മയുടെ ഒരു കാരണം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്. എനിക്കാരെയും ബോധിപ്പിക്കാനില്ല എന്ന താൻപോരിമ, ഈ കാലഘട്ടത്തിൽ നമ്മെ ഒത്തിരി സ്വാർത്ഥരും, തന്നിഷ്ടക്കാരുമാക്കുന്നുണ്ട്. മറ്റുള്ളവരെക്കുറിച്ചുള്ള ചിന്ത, കുടുംബ ബന്ധങ്ങളെക്കുറിച്ചുള്ള താൽപര്യം, ഇടവകയെക്കുറിച്ചുള്ള, സമൂഹത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് ഈ വർഷത്തിൽ നമ്മുടെ പ്രവർത്തികളെയും സംസാരത്തെയും മനോഹരമാക്കട്ടെ എന്ന് ആശംസിക്കുന്നു.

എന്റെ സ്വാർത്ഥ താൽപര്യത്തിനുമപ്പുറം നന്മയുടെ കാരണമന്വേഷിക്കുന്ന ഒരു സമൂഹ മനസാക്ഷിയുടെ ഭാഗമാകാൻ നമുക്കും സാധിക്കട്ടെ. എനിക്ക് എപ്പോഴും നന്മ വരണമെന്ന് ആഗ്രഹിക്കുന്നതുപോലെ, മറ്റുള്ളവർക്ക് നന്മയുണ്ടാകണമെന്ന് ആഗ്രഹിക്കാൻ നമുക്കാകണം.

പുതുവർഷം പുതു ചൈതന്യത്തിന്റെയും പുത്തൻ കാഴ്ചപ്പാടുകളുടെയും വർഷമാകട്ടെ.

***സ്നേഹത്തോടെ,***

***ബിജു അച്ചൻ***

# LETTER TO MY LITTLE FRIENDS



A king had decided to settle his accounts with his servants. As he began, he spoke to a man who owed him the equivalent of ten thousand bags of gold. The servant could not pay, so the master ordered that he and his family be sold to repay the debt. The servant fell to his knees and begged: "Be patient with me and I will pay back everything." The master pitied him, cancelled the debt and released him. So the servant got off free. As the forgiven servant was strolling down a lane, he met a fellow servant who owed him the equivalent of a hundred silver coins. The forgiven servant grabbed the fellow servant and started to choke him, demanding, "Pay back what you owe me." The fellow servant fell to his knees and said, "Be patient with me and I will pay you back."

The forgiven servant did not act in the same way as his master. He refused the fellow servant's request and threw him into prison until he could pay the debt. The other servants were outraged and reported the forgiven servant's behavior to his master and told them what had happened. The master was angry and said: "You wicked servant. I canceled all that debt of yours because you begged me to. Shouldn't you have had mercy on your fellow servant just as I had on you?" And with that, he had the man thrown into jail.

The Bible includes many parables of mercy. Mercy is fundamental to our Christian faith. The greatest example is that of God in HIS infinite mercy having sent HIS Son, so mankind could be saved.

The Holy Father has declared Dec 8, 2015 till Nov 20, 2016 as the Year of Mercy. I find that very interesting. As Christians aren't we supposed to be merciful? Isn't that supposed to be one of our virtues?

The fact it has been called out makes me think if this virtue is starting to lack amongst us, at a time when we all need it the most.

Mercy is not something we talk about much these days. Instead, we talk about avenging the wrong that has been done. We want revenge when a wrong has been done to us, but when we do a wrong, we instantly ask GOD for HIS mercy. We all love to receive mercy, but find ourselves challenged when we have to give it. If we do not extend mercy and forgive then how can we expect the same from our GOD?

After all isn't what we give, what we receive?

Cultivating a spirit of mercy is for the strong hearted, as it requires strength of character to show forgiveness and kindness towards someone who has hurt or wronged us.

Pope Francis writes about Mercy as, "It is the force that reawakens us to new life and instills in us the courage to look to the future with hope." Mercy is all about second chances. There are people all over the world struggling today with issues in their lives. People trying to overcome an addiction, people with family problems, people suffering from ill health, people struggling with all sorts of disappointments, people living a life of crime, and so much more.

In this Jubilee year of mercy, are we willing to show them mercy?

Can we hear their cries? Can we stop judging them? Are we willing to extend our hands of mercy towards them even when we think they don't deserve it? Can we not forget that GOD is always extending HIS mercy to us even when we don't deserve it? So children, let us pray to him, Lord have mercy on us sinners.

*Yours Sintoachan*



## United in Marriage

| | | | |
|---|---|---|---|
| 1. | Robin Mathew And Priya Tharakan | - | 14 Nov 2015 |
| 2. | Sheldon Louis And Dismi Poruthour | - | 22nd Nov 2015 |
| 3. | Anish Thomas And Sherene Jose | - | 26th Dec 2015 |
| 4. | Vikas Sebastian Varghuese | | |
| | And Rose Mary Xavier | - | 27th Dec 2015 |
| 5. | Jossen Jose And Teena Jose | - | 2nd Jan 2016 |

## Baptism

| | | | |
|---|---|---|---|
| 1. | Nathan Netto | - | 26th Dec 2015 |
| 2. | Jovan Vazhaparambil | - | 26th Dec 2015 |
| 3. | Joanna Maria Kallarakal | - | 2nd Jan 2016 |
| 4. | Reuben Puthenpurackal | - | 3rd Jan 2016 |

# PARISH NEWS AT A GLANCE

**Bible Mega Quiz**

Three teams from our catechism section participated in the Forane level Bible mega quiz competition which was held at the Presentation convent school on November 8. They won second, third and fourth prizes in the competition. Congratulations to the teams.

**Talentia**

On November 11, Diocesan Talentia competition was held at the Cathedral church, Kalyan West. Our Youth team won first prize in group dance and Mr. Cijoy Jose secured third prize in photography. Congratulations to the young talents.

**Catechism Picnic**

Catechism students had great fun, going for a picnic to Shangrila water park, Thane on November 21. As many as 85 students were accompanied by respected priests, sisters and catechism teachers from the parish.

**Parish Day**

The biggest event of our church, Parish Day, was held on November 29 with much joy and enthusiasm. The beautiful performances by different sections of the parish community gave colour and gaiety to the event. Vicar general Rev Msgr Emmanuel Kadankavil was the chief guest of the day.

**Forane Convention**

The Navi Mumbai Forane Convention was held in our church from December 11 to 13. Rev Fr Mathew Asariparambil, Director of Mother Home Retreat Centre, Pariyaram, Kannur was the preacher of the 3-day convention. His interesting way of presentation of spiritual truths made the audience pay attention in all eagerness.

**Charity Visit**

Pithruvedi members made a charity visit to Balakalyan Nagari at Mankhurd on December 19. They prepared food and served it to the mentally challenged and other inmates of the institute. The entire parish appreciates the Pithruvedi team for this benevolent act.





**Faithfest**

The diocesan level catechism competitions were held at St. Xavier's school Kanjurmarg West on 26th December. Chiara Ben won first prize in Psalms recitation, Aleesha Joykutty got second prize in Bible crossword and from Sanpada centre, Dennis Thomas got third prize in Bible crossword and Kevin Basil third in instrumental music. Congratulations to the prize winners.

**Catechism Camp**

On December 29 and 30, Eucharitia 2015, camp for catechism students, was held in the church. Our assistant parish priest Rev Fr Sinto Enanickal conducted study sessions on the fruits of the Holy Spirit and organised many games for children. As many as 120 students participated in the camp. The students had a good time at the camp.

**Priestly Ordination**

The first priestly ordination from our parish was held on January 3. Fr Martin Pattathanam was ordained as a priest by Bishop Mar Thomas Elavanal. The provincial of MCBS Emmaus province, Rev Fr Dominic Mundatt and respected priests from Kalyan diocese and Kerala were present during this solemn occasion. It was indeed a mega spiritual celebration.

**Unit annual get together**

Feast celebrations and unit annual get together of St. Francis Xavier Unit (November 8), Holy Family Unit (November 15), and St John Unit (November 22) were held with various cultural programmes. Respected priests, sisters and trustees were present on these occasions.

**St. Sebastian's Feast**

The feast of St. Sebastian was celebrated from January 8-10 with much splendour and piety. Parishioners and people from other parishes were present in large numbers for the feast and the procession around the town. On the main feast day, Rev Fr Antony Thekkiniyeth OFM Cap. was the main celebrant for the Holy Mass while Rev Fr CD Sebastian MST delivered the enlightening feast message. It was followed by a sumptuous agape.

■

# കാരുണ്യ ജൂബിലി



**Sr. Lizy Joseph**, Apostolic Oblates

2015 മാർച്ച് 13-ാം തീയതി സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വെച്ച് ഫ്രാൻസീസ് മാർപാപ്പ ഒരു അസാധാരണ വിശുദ്ധ വർഷാചരണം പ്രഖ്യാപിച്ചു. ഈ ''കാരുണ്യ ജൂബിലി'' 2015 ലെ അമലോത്ഭവ തിരുനാളിൽ (ഡിസംബർ 8) സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ 'വിശുദ്ധ കവാടം' തുറന്നുകൊണ്ട് ആരംഭിച്ച് 2016 നവംബർ 20ന് ക്രിസ്തുരാജത്വ തിരുനാളിൽ സമാപിക്കും. ദൈവത്തിന്റെ അനന്തമായ കരുണയോടു ബന്ധപ്പെടുത്തി ഒരു ജൂബിലി വർഷം.

രണ്ടാം വത്തിക്കാൻ കൗൺസലിന്റെ സമാപനത്തിന്റെ അമ്പതാം വാർഷികത്തിലാണ് ഈ ജൂബിലിക്ക് തുടക്കം കുറിക്കുക. ഇത് വളരെ പ്രധാനമാണ്. എന്തെന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിൽ ആരംഭിച്ച പ്രവർത്തനം തുടരുവാൻ സഭയെ അതു നിർബന്ധിക്കുന്നു.

ജൂബിലിയുടെ ആദ്യത്തെ അനുഷ്ഠാനം വിശുദ്ധ കവാടം തുറക്കലാണ്. വിശുദ്ധവർഷത്തിൽ മാത്രം തുറക്കപ്പെടുന്നതാണ് ഈ വാതിൽ. മറ്റെല്ലാ വർഷങ്ങളിലും ഇത് അടഞ്ഞു കിടക്കും. റോമിലെ നാല് മേജർ ബസിലിക്കകളിലും - St. Peters, St. John Lateran, St. Paul, St. Mary Major - ഓരോ വിശുദ്ധ കവാടം ഉണ്ട്. ഈ കവാടങ്ങൾ തുറക്കുന്നത് വിശ്വാസികൾക്ക് രക്ഷയിലേക്ക് 'അസാധാരണമായ ഒരു പാത' ലഭ്യമാക്കുന്നതിന്റെ പ്രതീകമായിട്ടാണ്.

സ്നേഹം തന്നെയായ പരി. ത്രിത്വത്തെ മനുഷ്യൻ ദർശിച്ചത് മനുഷ്യനായി അവതരിച്ച ഈശോമിശിഹായിലാണ്. നസ്രായനായ ഈശോ ദൈവകാരുണ്യത്തിന്റെ മനുഷ്യമുഖമാണ്. അവിടുത്തെ വാക്കുകളിലും പ്രവൃത്തികളിലും നിഴലിച്ചത് പിതാവായ ദൈവത്തിന്റെ കാരുണ്യം തന്നെയായിരുന്നു. അവിടുന്നിൽ ദൈവത്തിന്റെ കരുണ സ്നേഹമായും അലിവായും, അനുകമ്പയായും ക്ഷമയായും അനുഭവവേദ്യമായി.

വി. ലൂക്കായുടെ സുവിശേഷത്തിൽ നായിമിലെ വിധവയുടെ മകനെ പുനർജീവിപ്പിക്കുന്ന സംഭവം നമുക്ക് കാണുവാൻ സാധിക്കും (ലൂക്ക. 7:11-15). തന്റെ ഏക ആശ്രയമായിരുന്ന പുത്രനെ നഷ്ടപ്പെട്ടതിന്റെ ദുഃഖഭാരവും പേറി വിലാപയാത്രയിൽ നടന്നുനീങ്ങിയ വിധവയെ കണ്ടപ്പോൾ ഈശോയുടെ മനസ്സലിഞ്ഞു. ഈ മനസ്സലിവ് വികാരത്തിന്റെ തലത്തിൽമാത്രം ഒതുങ്ങി നിന്നില്ല; അത് വാക്കിലും പ്രവൃത്തിയിലും കൂടി പ്രകാശിതമായി. 'കരയണ്ട' എന്നു പറഞ്ഞ് അവളെ ആശ്വസിപ്പിച്ച അവിടുന്ന് ശവമഞ്ചത്തിൽ സ്പർശിച്ച് മരിച്ചവനെ ഉയിർപ്പിച്ച് മാതവിനു തിരികെ നൽകി. നമ്മുടെ ചുറ്റുമുള്ള വേദനിക്കുന്നവരോട് നമുക്കു തോന്നുന്ന കരുണ പ്രവൃത്തിപഥത്തിലെത്തുമ്പോൾ മാത്രമേ യഥാർത്ഥമാവൂ എന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു.





ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത കാരുണ്യത്തിനു നമ്മൾ പാത്രീഭൂതരാകണമെങ്കിൽ നമ്മുടെ സഹോദരരോടു നാം കരുണ കാണിക്കണമെന്ന് വ്യക്തമാക്കുന്നതാണ് നിർദയനായ ഭൃത്യന്റെ ഉപമ (മത്താ. 18:23-24).

കൊടുത്തുവീട്ടാൻ നിർവാഹമില്ലാതിരുന്ന ഭൃത്യന്റെ യാചനയിൽ അനുകമ്പ തോന്നിയ യജമാനൻ പതിനായിരം താലന്തുവരുന്ന കടം ഇളവുചെയ്തു. പക്ഷേ ആ ഭൃത്യൻ തനിക്ക് വെറും നൂറു ദനാറ കടപ്പെട്ടിരുന്ന സഹഭൃത്യനോട് സമാനമായ അനുകമ്പ കാണിച്ചില്ല. സംഭവമറിഞ്ഞു കോപിച്ച യജമാനന്റെ വാക്കുകൾ നമ്മൾ ഓരോരുത്തരോടുമുള്ള ഈശോയുടെ വാക്കുകൾ തന്നെയാണ് - ''ദുഷ്ടനായ സേവകാ, നീ എന്നോടു കേണപേക്ഷിച്ചതുകൊണ്ട് നിന്റെ കടമെല്ലാം ഞാൻ ഇളച്ചുതന്നു. ഞാൻ നിന്നോട് കരുണകാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ? ഉപമയുടെ ഗുണപാഠവും ഈശോ തന്നെ വ്യക്തമാക്കി. ''നിങ്ങൾ സഹോദരരോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ പ്രവർത്തിക്കും'' (മത്താ. 18:34). സ്വർഗ്ഗീയ പിതാവിന്റെ യഥാർത്ഥ മക്കളെ തിരിച്ചറിയുന്നതിനുള്ള അടയാളം പരസ്പരം കാരുണ്യമാണ്.

നാം ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്നുവോ അവിടെയെല്ലാം ഈ കരുണാർദ്ര സ്നേഹം നൽകാൻ സാധിക്കണം. ഈശോയുടെ കരുണ ഏറ്റവും കൂടുതൽ അനുഭവിച്ചത് പാപികളും രോഗികളുമാണ്. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ കാരുണ്യ പ്രവൃത്തികളാണ് നല്ല അയൽക്കാരന്റെ ലക്ഷണമായി കർത്താവ് പറയുന്നത്. പാപിനിയായ സ്ത്രീയോട് ഈശോ കാണിച്ച കരുണയാണ് അവളെ വിശുദ്ധയാക്കിയത്. സഖേവൂസിനോട് കർത്താവ് കാണിച്ച കരുണാർദ്രസ്നേഹം അവനെ കാരുണ്യപ്രവർത്തികളിലേക്കു നയിക്കുന്നു.

ജീവിച്ചിരുന്നപ്പോൾ തന്നെ ജീവിക്കുന്ന വിശുദ്ധയെന്ന് മദർ തെരേസയെ വിളിക്കാൻ കാരണം ഈശോയടെു കാരുണ്യത്തിന്റെ മുഖം ലോകത്തിനു കാണിച്ചുകൊടുത്തു എന്നതാണ്.

വി. ലൂക്കായുടെ സുവിശേഷത്തിൽ ഈശോ പറയുന്നു : ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്ക. 6:36). ഈ കാരുണ്യവർഷത്തിൽ നമുക്കും ഈശോയുടെ കരുണയുടെ മുഖമായി ജീവിക്കാം.

''കരുണയെന്നത് സ്നേഹത്തിന്റെ പൂവാണ്.

സ്നേഹം വെളിവാകുന്നതും പുഷ്പിക്കുന്നതും കരുണയിലൂടെയാണ്. ദൈവത്തിന്റെ സ്നേഹമെന്നത് പുഷ്പമാണെങ്കിൽ കരുണയെന്നത് കനിയാണ്''. (വി. ഫൗസ്റ്റീന). ■

# പുരോഹിതൻ കാരുണ്യത്തിന്റെ വേലക്കാരൻ



**Fr. Martin Pattathanam** MCBS

തലമുറകളുടെ സുകൃതം, ഒരു ദേശത്തിന് ഒരു ജനതക്ക് ദൈവം നൽകുന്ന സമ്മാനം അതാണ് പുരോഹിതൻ. കാത്തിരിപ്പിന്റെ വഴിയിൽ അനുഗ്രഹങ്ങളുടെ മഴമേഘങ്ങളായ് പെയ്തിറങ്ങാൻ, ഇരുൾ അടയുന്ന വഴിയിൽ നിലാവെളിച്ചമേകാൻ, കാലിടറും വഴികളിൽ നല്ല സമരായനാകാൻ വഴിയാത്രക്കാർക്ക് തണൽ മരങ്ങളാകാൻ, മുമ്പെ പറക്കുന്ന പക്ഷിയാകാൻ നിയോഗിക്കപ്പെട്ടവനാണ് പുരോഹിതൻ. ''അച്ചാ, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനോ ഭൂമിയിൽ ജീവിതം തുടർന്നു പാപികളെ മാനസാന്തരപ്പെടുന്നതിനൊ ഉള്ള അനുവാദം ദൈവം അങ്ങേയ്ക്ക് ഇപ്പോൾ നൽകിയാൽ അച്ചൻ ഏത് തിരഞ്ഞെടുക്കും?'' ''രണ്ടാമത്തേത്.'' ''സ്വർഗ്ഗത്തിൽ വിശുദ്ധർ സൗഭാഗ്യമനുഭവിക്കുന്നു. അവർക്ക് കഷ്ടപ്പാടുകളും പ്രലോഭനങ്ങളും ഇല്ലല്ലോ. ശരി തന്നെ, സ്വർഗത്തിൽ വിശുദ്ധർ ആനന്ദമനുഭവിക്കുന്നു ! എന്നാൽ അദ്ധ്വാനം കൊണ്ട് ആത്മാക്കളെ തേടുവാൻ നമുക്ക് സാധിക്കുന്നതുപോലെ അവർക്ക് സാധിക്കുകയില്ല''. ഒരു ജനതയുടെ മുഴുവൻ രക്ഷ തന്റെ കർത്തവ്യമെന്നോർത്ത് വ്യാകുലപ്പെടുന്ന ഒരു മനസ് സ്വന്തമാക്കിയ ആർസിലെ വിശുദ്ധ വിയാനിയച്ചന്റെ വാക്കുകളാണിവ.

ചില മനസുകൾക്ക് മുകളിൽ മാത്രം തമ്പുരാൻ പതിച്ച് നൽകുന്ന മുദ്രയാണ് പൗരോഹിത്യം. ഈ മുദ്രവെക്കലിലൂടെ ഓരോ പുരോഹിതനും മൂന്നിൽ വയ്ക്കപ്പെട്ടവനാക്കുകയാണ്. ഓരോ പൗരോഹിതനും സഞ്ചാരിയാണ്. ബലിക്കല്ലിൽ നിന്ന് കാരുണ്യത്തിന്റെ പൊതിച്ചോറുകൾ കെട്ടി യാഥാർത്ഥ്യങ്ങളിലേക്കുള്ള യാത്ര. ഈ യാത്രയിൽ കണ്ടെടുത്ത അനേകരുടേ ജീവിത കുരിശുകൾക്ക് കരുതലോടെ കാവലിരിക്കാൻ കണ്ണീരും വിയർപ്പുംകൊണ്ട് ജീവിതത്തിന്റെ ക്യാൻവാസിൽ സഹനങ്ങളുടെ ചിത്രം വരയ്ക്കുന്ന ജന്മങ്ങൾക്ക് ആശ്വാസത്തിന്റ തണലേകാൻ ഒരു പ്രയാണം. അതുകൊണ്ടുതന്നെ എതെങ്കിലും തരത്തിൽ നൊമ്പരപ്പെടുന്ന ആത്മാക്കളെല്ലാം അവന് സ്വന്തക്കാരാവുകയാണ് ഈ പ്രയാണത്തിൽ.

പൗരോഹിത്യത്തിന്റെ അടിസ്ഥാനഭാവം കാരുണ്യമാണ്. സ്വന്തം ജീവിതം കൊണ്ട് അജഗണങ്ങളോട് കാരുണ്യത്തിന്റെ കഥ പറയുകയാണ് ഒരോ ഇടയനും. ഒരു പുരോഹിതന്റെ ജീവിതത്തിന്റെ നിറം കാരുണ്യത്തിന്റെ നിറമാണെന്നുള്ളതാണ് സത്യം. കാരണം അല്ലയോ പുരോഹിതാ, നീ കരങ്ങളിൽ എടുക്കുന്നത് ദിവ്യകാരുണ്യമാണ്. നീ കയറിയിരിക്കുന്നത് കരുണയുടെ കൂടാരത്തിലാണ്. ഒരു കരം ദൈവത്തതിന്റെയും മറ്റൊന്ന് മനുഷ്യരുടെയും തോളത്താക്കി തുടരേണ്ട യാത്രയാണിത്. ദൈവഹിതവും മനുഷ്യഹിതവും തമ്മിലുള്ള യുദ്ധത്തിനിടയിൽ വേദനിക്കാൻ ഒത്തിരിയുണ്ടാകും. വിളി ജീവിതത്തിലെ വേദനകളെല്ലാം സക്രാരിക്കുള്ളിലെ ദിവ്യകാരുണ്യ വൈദ്യനാൽ സുഖപ്പെടുന്നത് കൂടെയായിരന്ന് വിളിക്കുള്ളിലെ നിയോഗങ്ങളും, വിലക്കുകളും ധ്യാനമാക്കുമ്പോഴാണ്. വിളികളൊന്നും ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചതല്ല, മറിച്ച് മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിന് മുമ്പേ നടന്ന ഒരു തിരഞ്ഞെടുപ്പായിരുന്നു.

ദൈവം വാർത്തെടുത്ത് മാറ്റി നിർത്തിയിട്ട് അവിടുത്തെ നിയോഗങ്ങൾക്ക് മുൻപിൽ 'ആമ്മേൻ' പറയുമ്പോൾ നാളിന്നുവരെ സ്വന്തമായി കണ്ടതിനോടെല്ലാം വിട പറയുകയായി. ആത്മാവിന്റെ അന്തരംഗങ്ങളിൽ ഒരു മലവെള്ളപ്പാച്ചിൽ പോലെ ദൈവം അനുഗ്രഹം ചൊരിയുമ്പോൾ പിൻമാറാൻ അവന് കഴിയില്ല. കാരണം അനുഗ്രഹത്തിന്റെ പുതിയ വഴികളാണ് അവന്റെ മുമ്പിൽ തെളിയുന്നത്. പിതൃദേശം അന്യമാകുന്നു. ബന്ധുജനങ്ങൾ അകലെയാകുന്നു. അങ്ങനെ വിലയേറിയ പലതും പൗരോഹിത്യത്തിന്റെ സൗഭാഗ്യങ്ങൾ ഒരുവന്റെ ജീവിതത്തിലേക്ക് ചാടിക്കയറുമ്പോൾ ചില പ്രിയപ്പെട്ടതൊക്കെ അവന്റെ ജീവിതത്തിൽ നിന്ന് പടിയിറങ്ങാൻ തുടങ്ങും.

'ബസാലേൽ' എന്ന നോവലിൽ ആ ആറുമീറ്റർ കുപ്പായത്തിനുള്ളിലെ മജ്ജയും മാംസവുമുള്ള ഒരു മനുഷ്യന്റെ നൊമ്പരങ്ങൾ അക്ഷരങ്ങളായി ജന്മം കൊണ്ടിട്ടുണ്ട്. ഒരിറ്റ് നൊമ്പരത്തോടെ ബസാലേൽ അനേകം വൈദീകരുടെ മനസിൽ ആൾരൂപമായി ചോദിക്കുന്നുണ്ട്. ''അവർക്കായി മാറ്റിവെക്കപ്പെട്ടവനായിരുന്നിട്ടും അവർ എന്നെത്തന്നെ ഒറ്റപ്പെടുത്തുന്നതെന്ത് ?'' എല്ലാവരെയും സ്നേഹിച്ചിട്ടും ആരാലും സ്നേഹിക്കപ്പെടാതിരിക്കുക എന്നതും, മറ്റുള്ളവർക്ക് തണലായിരിക്കുമ്പോഴും അൽപം തണൽ ചൂടാൻ സാധിക്കാതിരിക്കുക എന്നതും എത്ര നൊമ്പരപ്പെടുത്തുന്നതാണ്. മറ്റുള്ളവരെ ഹൃദയത്തിൽ സൂക്ഷിക്കുക എന്നതും അവരാൽ തന്നെ തിരസ്കരിക്കപ്പെടുക എന്നതും വേദനയേറിയതാണ്. ചുറ്റുമുള്ളവരുടെ ഇടർച്ചകൾക്ക് വിശുദ്ധ കുരിശിൽ മുദ്രിതമായ പൊറുതി നൽകുമ്പോഴും അവരാൽ തന്നെ പൊറുക്കപ്പെടാതെ പോകുന്ന എന്റെ സങ്കടങ്ങൾ പറയുന്നത്, ഞാനൊരു അന്യൻ എന്നല്ലേ? അവന്റെ സങ്കടം മാത്രം ബാക്കിയാവുകയാണിവിടെ. ഒരു മനുഷ്യനിൽ നിന്നും വൈദീകനിലേക്കുള്ള ദൂരം ഒരു വിളിക്കും പിന്നെ വർഷങ്ങൾ നീണ്ട പരിശീലനകാലത്തെ തപസ്സുകൊണ്ടും പ്രാർത്ഥന കൊണ്ടും രൂപാന്തരപ്പെടുത്തിയ, ആർക്കും പ്രവേശിക്കാൻ തുറന്നിട്ടിരിക്കുന്ന ഒരു മനസും മാത്രമാണെന്ന് തിരിച്ചറിഞ്ഞ്, പുരോഹിതനിലെ മനുഷ്യനെ മറക്കാതിരിക്കാൻ ശ്രമിച്ചാൽ വലിയൊരു പുണ്യമാകും.

നമ്മിൽ നിന്നും തിരഞ്ഞെടുത്ത് മുന്നിൽ വെയ്ക്കപ്പെട്ടവനാണ് പുരോഹിതൻ. ജനത്തിന്റെ പ്രാർത്ഥനകളും പരിദേവനങ്ങളുമായി അവൻ മുമ്പെ യാത്രയാകുന്നു. എല്ലാം ദൈവത്തിന്റെ മുമ്പിൽ അർപ്പിക്കാൻ, അവന്റെ കരം സ്വർഗ്ഗത്തിലേക്കുയരുമ്പോൾ എന്റെ പ്രാർത്ഥനകളാണ്, എന്റെ ബലികളാണ് അന്വർത്ഥമാകുന്നത്. ആശിർവദിക്കാൻ ഉയർത്തുന്ന ആ കരങ്ങളിൽ നിന്നാണ് ദൈവാ നുഗ്രഹങ്ങൾ എന്നിലേക്ക് പടർന്ന് കയറുന്നത് എന്ന് തിരിച്ചറിയാം. പൗരോഹിത്യം എന്ന ദാനം തന്നെ ദൈവത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

# തണൽ

**Sr. Merlit**, Apostolic Oblates



രാത്രിമാഞ്ഞതില്ല പുലരിതൻ പാദസ്പന്ദമറിഞ്ഞില്ല
ധരയൊരു ഹിമകാണ്ഡം കണക്കെ വിറപൂണ്ടതിലായിരങ്ങൾ
പിടയുന്നു, മനമുഴറുന്നു, തപ്തനിശ്വാസമുതിർക്കുന്നു
ഹാ, കഷ്ടം ! ഒരാശ്വാസമെവിടെയെൻ കിളിമകളെ

ഭൂമിദേവിയാണമ്മയാണു സർവ്വം സഹയാണവൾ തൻ-
ഉദരത്തിൽ പിറന്നവരേകോദരം പങ്കിട്ട സോദരർ
പെറ്റമ്മ പോറ്റുന്നൊരീക്ഷിതിയിൽ നമ്മൾ -
ക്കറിയാവതില്ലെന്നോ മനുഷ്യബന്ധങ്ങൾക്കൽപമിടം നൽകുവാൻ ?

അണ്ഡകടാഹങ്ങൾക്കുമേലധികാരമുള്ളവൻ സർവ്വ-
ശക്തനാമീശന്റെ സ്വപ്നം മരീചികയാക്കിത്തീർക്കുന്ന
മനുജന്റെ ചെയ്തികൾ കണ്ടു നിർവികാരനാകുവാ-
നല്ലാതെ മറ്റെന്തു വഴിയുള്ളൂ ഓർക്കുകിലീശന്

തെറ്റിനെ ശരിയാക്കിയും ശരികളെ തെറ്റുകളാക്കിയും വിഷ-
മൂറും വാക്കുകൾകൊണ്ട പരനവമാനം വരുത്തിയും
മർത്ത്യ സാഹോദര്യം വെറുമൊരു മിഥ്യയായ്ത്തോന്നുമാ-
റുള്ള സ്പർദ്ധ വളർന്നു മനസ്സുകൾ വെട്ടിമുറിയ്ക്കപ്പെടുന്നു.

സർവ്വേശമുഖം സ്നേഹമതല്ലയോ പിന്നെ നമ്മ-
ളെങ്ങനെ വെറുക്കും സഹജനെ, ഘാതകരാകുമിളയിൽ ?
വിദ്വേഷചിന്തവളർത്തുമൊരു ദൈവത്തിൻ മക്കളല്ല നാം
സ്നേഹത്തിലൊരുമനമായ്ത്തീർക്കുമവന്റെ പ്രിയരല്ലയോ

കരുണയും കരുതലും കൊണ്ടപരനു കാവൽക്കാരനായ്
മാറണം നാമെന്നാളുമിതു താൻ ദൈവഹിതമറിക നാം
ഇതുതാൻ മഹിതമാം സർവ്വേശ പൂജയെന്നോർക്കേണം
അണയാത്തൊരഗ്നിയായീ വിമല ചിന്തകൾ നിലകൊള്ളണം.

വചനമൊരു നെരിപ്പോടായ് ജ്വാല പകരണമാത്മാവിൽ
''മമ താതൻ കാരുണ്യവാനതുപോൽ നിങ്ങളുമീ ധരയിൽ
കരുണതൻ പൂമഴപൊഴിക്കണേ''മപരനാശ്വാസമായ്
നിറയട്ടെ വചനമിതു ഹൃത്തിൽ മധുരതരമൊരു ഗീതകമായ്.





അരുതരുതു ദൈവനിയോഗങ്ങൾക്കപ്പുറമൊരു വഴി-
തേടുവാൻ തുനിയരുതിനിമേൽ നമ്മളീ ചെറുജീവിതത്തിൽ
ഇനിയെത്ര നാളുകളുണ്ടാവാം നമുക്കെന്ന ചിന്തിയിൽ നാം
സ്നേഹത്തണൽ തീർക്കണമവനിയിൽ നാൾക്കുനാൾ.

## THE MESSENGER OF DIVINE MERCY - ST. FAUSTINA



Saint Faustina was born Helena Kowalska in a small village west of Lodz, Poland on August 25, 1905. She was the third of ten children. When she was almost twenty, she entered the Congregation of the Sisters of Our Lady of Mercy, whose members devote themselves to the care and education of troubled young women. The following year she received her religious habit and was given the name Sister Maria Faustina, to which she added, "of the Most Blessed Sacrament", as was permitted by her congregation's custom. In the 1930's, Sister Faustina received from the Lord a message of mercy that she was told to spread throughout the world. She was asked to become the apostle and secretary of God's mercy, a model of how to be merciful to others, and an instrument for reemphasizing God's plan of mercy for the world. It was not a glamorous prospect.

Her entire life, in imitation of Christ's, was to be a sacrifice - a life lived for others. At the Divine Lord's request, she willingly offered her personal sufferings in union with Him to atone for the sins of others; in her daily life she was to become a doer of mercy, bringing joy and peace to others, and by writing about God's mercy, she was to encourage others to trust in Him and thus prepare the world for His coming again. Her special devotion to Mary Immaculate and to the sacraments of Eucharist and Reconciliation gave her the strength to bear all her sufferings as an offering to God on behalf of the Church and those in special need, especially great sinners and the dying.

She wrote and suffered in secret, with only her spiritual director and some of her superiors aware that anything special was taking place in her life. After her death from tuberculosis in 1938, even her closest associates were amazed as they began to discover what great sufferings and deep mystical experiences had been given to this Sister of theirs, who had always been so cheerful and humble. She had taken deeply into her heart, God's gospel command to "be merciful even as your heavenly Father is merciful" as well as her confessor's directive that she should act in such a way that everyone who came in contact with her would go away joyful. The message of mercy that Sister Faustina received is now being spread throughout the world; her diary, Divine Mercy in my Soul, has become the handbook for devotion to the Divine Mercy. She was canonized by Pope John Paul II on March 10,2000.

***Source : Catholic online***

# ഇരിപ്പിടങ്ങൾ



NELSON C. J., DON BONSCO UNIT

നമുക്കെല്ലാവർക്കും വേണം ഇരിപ്പിടങ്ങൾ
മുൻപിൽ തന്നെ വേണം; ഇച്ഛിച്ചതിലെന്താ തെറ്റ്
പിൻപന്മാർ മുമ്പന്മാരായതു പഴയകാലം
ഇന്ന്, മുമ്പന്മാർക്കേ മുമ്പന്മാരാകാൻ പറ്റൂ
പിമ്പിൽ നിന്നാരെങ്കിലും മുൻപിലെത്താൻ ശ്രമിച്ചാൽ
കഷ്ടം ! അതവരുടെ വൃഥാ മോഹം
പേരെഴുതിവച്ച ഇരിപ്പിടങ്ങൾ കാണാമിന്ന്
രാജ്യഭരണത്തിന്റെ കൂത്തരങ്ങുകളിൽ
അപ്പീസുകളിൽ, ഉന്നതകേന്ദ്രങ്ങളിൽ
നമുക്കെല്ലാവർക്കും വേണം ഇരിപ്പിടങ്ങൾ

ഞാൻ പട്ടുമെത്തയിലിരിക്കുമ്പോൾ, നീ–
വെറും തറയിലിരിക്കണം നഗ്നനായി
ഞാൻ മട്ടുപ്പാവിലുലാത്തുമ്പോൾ, നീ–
പണിയെടുത്ത് വിയർപ്പൊഴുക്കണം
പേരെഴുതാത്ത ഇരിപ്പിടങ്ങൾ കാണാം, വരിക.
പള്ളിയി,ലമ്പലങ്ങളിൽ, സിനിമാശാലകളിൽ
തൂവാലയിട്ട്, അടയാളം വച്ചുറപ്പിക്കുന്ന ഇരിപ്പിടങ്ങൾ
ആളെത്തിയാൽ, കൃത്യം അവിടയേ ഇരിപ്പൂ !
വെറെയാരെങ്കിലുമിരുന്നാൽ അക്കളിതീക്കളി !!
പൂമുഖവാതിൽക്കൽ താഴെശുനകനിരിപ്പിടം
കിങ്ങിണിപൂച്ചക്കിടം അടുക്കള തിണ്ണയിൽ
അടിനുമാടിനുമെല്ലാം അതാതിടങ്ങൾ
പാവം മനുഷ്യനും വേണ്ടേ ഇരിപ്പിടങ്ങൾ
നമുക്കെല്ലാവർക്കും വേണം ഇരിപ്പിടങ്ങൾ





പണ്ട് പീലാത്തോസിനുമുണ്ടായിരുന്നു മിന്നുപതിച്ച ഇരിപ്പിടം
ന്യായവും നീതിയും കൽപ്പിക്കുന്ന ചോരപുരണ്ട സിംഹാസനം
അരികെ, കൈ കഴുകാനൊരു വെള്ളം നിറച്ച കൽതളികയും !
വിധി പാളിയാൽ കൈകഴുകി നീതിമാനാകാം !!
സെബദിയുമാഗ്രഹിച്ചു മക്കൾക്ക് ഇരിപ്പിടങ്ങൾ
യാക്കോബിനും യോഹന്നാനും ഉന്നത ശ്രേണിയിൽ വേണം –
ഇടതും വലതും ഉയർന്ന അധികാര ഇരിപ്പിടങ്ങൾ
നമുക്കെല്ലാവർക്കും വേണം ഇരിപ്പിടങ്ങൾ

ഒരു വേള തള്ളിപ്പറഞ്ഞവന്റെ നിരപരാധിത്വം
പത്രോസേ നീ പാറയാകുന്നു എന്നുരവിട്ടവന്റെ കരുതലും സ്നേഹവും
അരയന്റെ മനസിലെ കാറും കോളും കണ്ടവൻ
പത്രോസിനു നൽകി ക്രിസ്തുരാജ്യത്തിന്റെ സിംഹാസനം
ഒടുവിലത്തെ അത്താഴ സമയത്ത് നെഞ്ചിൽ ചാരിക്കിടന്ന്
അധികാരമുറപ്പിക്കുന്ന യോഹന്നാൻ ഒരു വശത്ത്.
അരികിൽ ചേർന്നിരുന്നുകൊണ്ട് ഗുരുവിനു സ്തോത്രമോതി
ഒന്നാമനായി ഭവിച്ച് ഒറ്റിക്കൊടുത്ത യൂദാസ് മറുവശത്ത്.
നമുക്കെല്ലാവർക്കും വേണം ഇരിപ്പിടങ്ങൾ

അന്ന് ധനവാന് ഉണ്ടായിരുന്നു പേരില്ലാത്ത ഇരിപ്പിടം
ചുവന്ന പട്ടുവസ്ത്രങ്ങളണിഞ്ഞ് മാളികയിൽ വാഴുന്നവൻ
തീൻമേശയിൽ നിന്നും വീഴുന്ന അപ്പകഷണങ്ങൾ
പെറുക്കിയെടുത്ത് വിശപ്പടക്കാൻ കൊതിക്കുന്ന ലാസർ
താഴെ പൊടിപിടിച്ച തറയിൽ അവനിരിപ്പിടം.
തർക്കമിതാണ് ആരാണ് വലിയവൻ
ഒരു നാളും ഫലം തരാത്ത അത്തിവൃക്ഷമോ
നിറനിറയെ വളർന്നു പന്തലിച്ച കാട്ടുമുന്തിരിയോ
കൊച്ചുകാശ് കാണിക്കയർപ്പിച്ച പാവം വിധവയോ ?
സ്വത്തിന്റെ പാതി ദരിദ്രർക്കായി വീതിച്ച സക്കേവൂസോ ?
ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ഒടുവിലത്തവനാകണം
ഏവരുടെയും ഏളിമയുള്ള ദാസനാകണം
സ്വജീവൻ അപരനായി മോചനദ്രവ്യമാകണം
ഇരിപ്പിടങ്ങളെ സ്വസ്തി ! സുഖിനോ ഭവന്തു !
നമുക്കെല്ലാവർക്കും വേണം ഇരിപ്പിടങ്ങൾ

## A Way To Sanctity – 16

# SAINT ELIZABETH ANN SETON



Elizabeth Ann Bayley, born on August 28, 1774, was the second child of a socially prominent couple, Dr Richard Bayley and Catherine Chalton of New York city. The Bayley and Chalton families were among the earliest European settlers in the New York area. Elizabeth's mother Catherine died in 1777 when Elizabeth was three years old. Elizabeth's father then married Charlotte Amelia Barclay, a member of the Jacobus James Roosevelt family, to provide a mother for his two daughters.

The new Mrs Bayley participated in her church's social ministry, and often took young Elizabeth with her on charitable rounds. She visited the poor in their homes to distribute food and essential items. The couple had five children, but the marriage ended in separation. During the break-up, their step-mother rejected Elizabeth and her sister. As their father then travelled to London for further medical studies, the sisters lived temporarily with their parental uncle and his wife. Elizabeth experienced a period of darkness during this time, as she later reflected in her journals.

At 19, Elizabeth married William Magee Seton of New York. Five children were born of their happy union. After her husband's death, the Filicchi (life-long friends) welcomed the grieving widow to their home in Italy. Elizabeth returned to New York in 1804 and entered the Catholic Church on March 14, 1805. She accepted an invitation from Archbishop Caroll to establish a girls' school in Baltimore.

Several women joined her in the religious life, and she became known as “Mother Seton”. They were known as Sisters of Charity and lived in Emmitsburg. A school opened for the children of the parish was the first parochial school in the United States. Elizabeth died on Janury4, 1821. In 1963, she became the first American-born citizen to be beatified and on September 14, 1975, she was canonized by Pope Paul VI.





## SANCTIFY YOUR SECRET LIFE…
### *Mene, mene, tekel, parsin,*
### God warns



**Sheena George,** St.Mary's unit

Do we have a secret life? Yes, most of us have a bad and evil secret side. We don’t disclose this evil life to anyone. Not even to priests or pastors. But Bible says very clearly that we need to sanctify our secret life. We need to confess our sins, repent our sins and reconcile with God.

Mene, mene, tekel, parsin: This is God’s warning (Daniel 5:25) to everyone, not to King Belshazzar alone. When translated, these words literally mean: “numbered, numbered, weighed, divided.”

We indulge in lot of things that God doesn’t want us to do. This can be an adulterous life, addiction to porn, living a sinful life without a sense of sin, violation of God’s commandments and refusal to repent the sins, murder, character assassination etc. etc. Then we keep away from people and society. We hide somewhere. We remain lonely, like Elijah in a cave.

We must come out of that dark cave to the sunlight. We must sanctify our secret life. Yes, sanctification through confession, repentance and reconciliation. Sadly, we live like modern-day Cains.

God asked Cain: “where’s your brother Abel?” God is not questioning Cain alone – He’s asking us also. Where’s the baby that I had given life in your wife’s womb? You must ask yourself about the aborted child. It can be your aborted child or your own father whom you despise or your neighbour with whom you have an enmity. Your Abel may be your father, neighbour, brother or your own kids.

Rev Fr Nelson Job OCD, one of my favourite charismatic preachers, vividly explained this recently on a television programme. Fr Nelson quoted some good examples from Bible to drive home the importance and necessity for sanctification of our secret life.

When you read King David’s story, you come across an incident. When David was ruling as a “Mr Clean”, Prophet Nathan came to his palace and told him a story. “There were two men in a certain town, one rich and the other poor. The rich man had a very large number of sheep

and cattle, but the poor man had nothing except one little ewe lamb he had bought. He raised it, and it grew up with him and his children. It shared his food, drank from his cup and even slept in his arms. It was like a daughter to him.

"Now a traveler came to the rich man, but the rich man refrained from taking one of his own sheep or cattle to prepare a meal for the traveler who had come to him. Instead, he took the ewe lamb that belonged to the poor man and prepared it for the one who had come to him." David burned with anger against the man and said to Nathan, "As surely as the Lord lives, the man who did this must die! He must pay for that lamb four times over, because he did such a thing and had no pity." Then Nathan said to David, "You are the man." Then King David repented. He had earlier despised the word of the Lord by doing what was evil in his eyes. David struck down Uriah, his army chief, with the sword and took his wife to be his own. David had violated commandments 9, 6 and 5 and ruled as a "Mr Clean". King David had a secret life which Nathan pointed out to him and he repented.

Let's move to Daniel 5:25: "This is the inscription that was written: mene, mene, tekel, parsin."

These words were written by a mysterious hand on the wall of Belshazzar's palace, and interpreted by Daniel as predicting the doom of the king and his dynasty.

Holy Bible says: Once when King Belshazzar was giving a banquet to his lords and drinking wine from the golden vessels of the Temple of Yhwh, a man's hand was seen writing on the wall certain mysterious words. The king got frightened by the apparition and ordered his astrologers to explain the inscription; but they were unable to read it. Daniel was then summoned to the royal palace; and the king promised him costly presents if he would decipher the inscription.

Daniel read it "Mene, mene, tekel, parsin" and explained it to mean that God had "numbered" the kingdom of Belshazzar and brought it to an end; that the king had been weighed and found wanting; and that his kingdom was divided and given to the Medes and Persians.

Yes, these words -- Mene, mene, tekel, parsin – are supposed to sanctify our secret life. These are warning words against your evil secret life.

Come to 2 Kings 20:1: Hezekiah became ill and was at the point of death. The prophet Isaiah son of Amoz went to him and said, "This is what the Lord says: Put your house in order, because you are going to





die; you will not recover." Hezekiah then knew that God had come to know about his secret life. He repented and prayed. Amoz then came back and said God had extended his life by another 15 years.

When he was able to sanctify his life, God extended his life span.

Fr Nelson narrated an incident. Once a lady, with foul-smelling wounds came for a charismatic prayer retreat. After the retreat, she was admitted to the hospital from where she requested him to come and pray for her. When he went there, he understood her physical condition was very weak and struggled to sit in the room because of the intense bad odour from her festering wounds. She gave a long confession that lasted for 20 minutes. She told the priest about many secret deeds that she committed over several years --- things she had never disclosed so far. She repented. The he got a message from Jesus that she is being healed. After around 20 days, all her wounds were healed and she regained normal health.

The message is simple: sanctify your secret life and God will shower His blessings. But you have committed several sins and still living with these sins.

Lets turn to John 4:16: "Jesus told her (Samaritan woman), "Go, call your husband and come back." "I have no husband," she replied. Jesus said to her, "You are right when you say you have no husband. The fact is, you have had five husbands, and the man you now have is not your husband. What you have just said is quite true."

When Jesus revealed her secret life, she confessed. Jesus gave her a spring of water welling up to eternal life.

Jesus makes it clear: Sanctify your secret life.

